**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 658 — 10.03.2015 ൽ മറുപടിക്ക്

## അതിവേഗ ബ്രോഡ്ബാന്റ് ഇന്റർനെറ്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എ.എം. ആരിഫ്** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** | |
| (എ) | അതിവേഗ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സാധ്യമാക്കുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ആദ്യഘട്ടത്തിൽ നടപ്പാക്കുന്നത്; വിശദമാക്കാമോ; | (എ) | ഗ്രാമ പഞ്ചായത്ത് തലം വരെ അതിവേഗ ബ്രോഡ്ബാന്റ് കണക്ഷൻ ലഭ്യമാക്കുന്നതിലേക്കായി നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് (NOFN) എന്ന കേന്ദ്ര സർക്കാർ പദ്ധതിയിൽ കേരളത്തിലെ എല്ലാ ജില്ലകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഏതെല്ലാം സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; | (ബി) | സംസ്ഥാനത്ത് ബി.എസ്.എൻ.എൽ, ഭാരത് ബ്രോഡ്ബാന്റ് നെറ്റ് വർക്ക് ലിമിറ്റഡ് (ബി.ബി.എൻ.എൽ) എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നത്. |
| (സി) | ഏതെല്ലാം ജില്ലകളിലെ പ്രവൃത്തി ഇതിനകം ടെണ്ടർ ചെയ്തിട്ടുണ്ട്; | (സി) | സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പ്രവർത്തി ടെൻഡർ ചെയ്തിട്ടുണ്ട്. |
| (ഡി) | സംസ്ഥാനമൊട്ടാകെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോ; ഏതെല്ലാം ജില്ലകളെ ആദ്യഘട്ടത്തിൽ ഒഴിവാക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ? | (ഡി) | സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതി എത്രയും പെട്ടന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |

**സെക്ഷൻ ഓഫീസർ**